# Lourde Voice



# ലൂർദ്ദ് വോയ്സ്

**May 2019**



**LOURDES FORANE CHURCH & HOLY FAMILY MISSION CENTRE,**

**GANDHIPURAM, COIMBATORE**

**WWW.LOURDESFORANE.COM**






Commercial Wet Grinder
Available in 3 to 20 Liters



Conventional
Tilting Grinder



Commercial Coconut Scrapper






Commercial Tilting Grinder
Available in 5 to 25 Liters



Commercial Atta Kneader

BEETEX®
INDUSTRIES

808, V.K.K. Menon Road, New Sidhapudur,
Coimbatore - 641 044. Ph : 0422 - 2520279, 4387279.
E-mail : beetexgrinderscbe@yahoo.com
Website : www.beetexgrinders.com



# ഉള്ളടക്കം

കുർബ്ബാനസമയം:
തിങ്കൾ മുതൽ ശനി വരെ
രാവിലെ 6.15നും വൈകിട്ട് 6.00നും

കുർബ്ബാനസമയം
ഞായർ രാവിലെ 6.30, 8.30. വൈകിട്ട്
5.30

Vol. 1 ലൂർദ്ദ്‌വോയ്സ് പാരിഷ് ബുള്ളറ്റിൻ, മെയ് – 2019 ISSUE : 05
lourdevoicegandhipuram@gmail.com

**Chief Editor:**
Fr. Thomas Kavungal
Ph: 9443937675
**Sub- Editor:**
Fr. George Madathikandathil
Ph: 9207910118
**Editorial board:**
Mrs. Deepa Biju
Mrs. Tina Felix,
Mrs. Ajimol Antony
Mrs. Baby Davis
Sr. Maria Celine
Mr. Poulose
Mr. P. J. James
Mrs. Beena Mathew
Mrs. Deepa Anand
**Printing and Publishing:**
Mr. Felix P. S.
Ph:9894024729
Mr. Joffy C. J.
Ph: 8903687184
**Trustees:**
Mr. Romeo Alosious
Ph: 7871925047
Mr. Sifi Vazhappilly
Ph: 9943855500
**Advertisement:**
Mr. N. A. Augustin
9843020219
Mr. K. L. Johny
9345403444
**Secretary:**
Sr. Therese John
**PRO:**
Mr. James M. A.
Ph: 9843316164

- എഡിറ്റോറിയൽ
- ഇടയമൊഴി
- പൊതുവാർത്തകൾ
- ഹോളിഫാമിലി മിഷന് സെന്റർ വാർത്തകൾ
- Evangelization
- ഗാന്ധിപുരം ലൂർദ്ദ് ഫൊറോന ദൈവാലയ വാർത്തകൾ
- SMYM News
- മാതൃവേദി
- ഓർമ്മിക്കേണ്ട ദിവസങ്ങൾ
- തമിഴ്
- ഹോളിഫാമിലി മിഷൻ സെന്റർ വാർത്തകൾ
- ഗാന്ധിപുരം ഇടവക & ഗണപതി/അത്തിപാളയം മിഷൻ സെന്റർ ബഹു. വികാരിയച്ചന് ആശീർവ്വാദം.
- നന്ദിയുടെ ഒരു വാക്ക്
- വത്തിക്കാൻ വാർത്തകൾ
- ലോഗോസ് ക്വിസ്
- വി.ഗീവർഗ്ഗീസ് - രക്തസാക്ഷി
- Kids Corner
- Marian Knowledge
- Catechism News




# ഭരണഘടനവിഭാവനം ചെയ്യുന്ന ഭാരതം

1947 ൽ ഇന്ത്യ സ്വതന്ത്രമായപ്പോൾ നിയമിതനായ പുതിയ  പ്രധാനമന്ത്രി പണ്ഡിറ്റ് ജവഹർലാൽ നെഹ്റു, ആരെയാണ് സ്വതന്ത്ര ഇന്ത്യയുടെ ആദ്യ ആർമി കമാൻഡർ ഇൻ ചീഫ് ആക്കുന്നതെന്ന് അടിയന്തിരമായി വിളിച്ചുചേർത്ത മുതിർന്ന ആർമി ഓഫീസർമാരുടെ യോഗത്തിൽ ചോദിച്ചു. അനുഭവസമ്പത്തും പ്രവൃത്തിപരിചയവും ഉള്ള ആർമി ഓഫീസർമാർ നമുക്കില്ലാത്തതിനാൽ ബ്രിട്ടീഷുകാരനായ ഒരാൾ ആർമി കമാൻഡർ ആകട്ടെ എന്നും അഭിപ്രായപ്പെട്ടു. അവഹേളിതരും അപമാനിതരുമായി ആർമി ഓഫീസർമാർ തല കുനിച്ചിരിക്കവേ  അവരിൽ നിന്നും ഒരു ഓഫീസർ ചാടിയെഴുന്നേറ്റ് ഒരു ചോദ്യം ചോദിക്കട്ടെയോ എന്ന് നെഹ്റുവിനോട് ചോദിച്ചു. സമ്മതം മൂളിയ അദ്ദേഹത്തോട് അനുഭവസമ്പത്തും പ്രവൃത്തിപരിചയവും ഇല്ലാത്ത പ്രഗത്ഭനായ ഒരു നേതാവ് നമുക്കില്ലാത്തതിനാൽ ആദ്യ പ്രധാനമന്ത്രിയായി ഒരു ബ്രിട്ടീഷുകാരനെ നിയമിച്ചുകൂടെ എന്ന മറുചോദ്യം ആ ഓഫീസർ ചോദിച്ചു.

ശ്മശാനമൂകത തളം കെട്ടിയ ചെറിയ ഒരു ഇടവേളയ്ക്കുശേഷം നെഹ്റു ആ ഓഫീസറോട് ചോദിച്ചു."'നിങ്ങൾക്കാകാമോ ആർമി കമാൻഡർ'. അദ്ദേഹം മറുപടി  പറഞ്ഞു. എന്നേക്കാൾ സീനിയറും ധീരനുമായ ഒരാൾ ഇവിടെ നമ്മുടെയിടയിലുണ്ട്. അയാളെ നമുക്ക് ആദ്യ കമാൻഡറായി നിയമിക്കാം. അങ്ങനെയാണ് ജനറൽ K.M കരിയപ്പ സ്വതന്ത്ര ഇന്ത്യയുടെ ആദ്യ ആർമി ജനറൽ ആയത്. ധീരതയോടെ നെഹ്റുവിനെനേരിട്ട ആ ചോദ്യം ചോദിച്ചത് ലഫ്റ്റനന്റ് ജനറൽ നാഥു സിംഹ് റാത്തോറായിരുന്നു.

ഓരോ ഇലക്ഷനും, പുതിയ സർക്കാർ രൂപീകരണവും പുതിയ നേതാക്കളുടെ തിരഞ്ഞെടുപ്പും ഓരോ പുത്തൻ അധ്യായങ്ങളാണ്. ഇനി എന്തു സംഭവിക്കും എന്നുള്ള ആകാംക്ഷ നമ്മെ പിന്തുടർന്നുകൊണ്ടേയിരിക്കും. നമ്മെ തൃപ്തിപ്പെടുത്തുമെന്നുള്ള മോഹനവാഗ്ദാനങ്ങളുമായി വീണ്ടും ചിലർ ഭരണചക്രം തിരിക്കാനുള്ള തയ്യാറെടുപ്പിലാണ്. ജനങ്ങളെ ശ്രവിക്കുന്നവരും അവരുടെ പ്രശ്നങ്ങൾ മനസ്സിലാക്കുന്നവരും അവരോട് ഫലപ്രദമായി പ്രതികരിക്കുന്നവരും ആകട്ടെ ഭരണകൂടത്തിന്റെ അടിത്തറയിടുവാൻ പോകുന്നതെന്ന് നമുക്ക് തമ്പുരാനോട് പ്രാർത്ഥിക്കാം. തിരഞ്ഞെടുക്കപ്പെടുന്നവർ ഭരണഘടനഅനുശാസിക്കുന്ന മൗലിക അവകാശങ്ങളും, ജനാധിപത്യം, മതേതരത്വം തുടങ്ങിയ ഭരണഘടനാമൂല്യങ്ങളും ശരിയായി കാത്തുസൂക്ഷിച്ചാൽ മാത്രമേ ഗാന്ധിജിയും, തിലകും, ഭഗത്സിങ്ങും, അംബേദ്കറും, സുഭാഷ് ചന്ദ്രബോസും വിഭാവനം ചെയ്ത യഥാർത്ഥ ഭാരതം എന്ന സ്വപ്നം സഫലമാകൂ.

ഭാരതത്തിൽ ആരു ഭരിച്ചാലും ക്രിസ്തുവിനെ പ്രഘോഷിക്കാനും ക്രിസ്തുവിന് സാക്ഷ്യം വഹിക്കാനുമുള്ള ധീരത നമുക്കുണ്ടാകണം. സുവിശേഷവൽക്കരണത്തിനും സാമൂഹ്യപ്രവർത്തനത്തിനും നമ്മെ സഹായിക്കുന്ന, നയിക്കുന്ന പുതിയ നേതാക്കളും പുതിയ ഭരണസംവിധാനങ്ങളും ഉണ്ടാകട്ടെ എന്ന് തമ്പുരാനോട് നമുക്ക് പ്രാർത്ഥിക്കാം. ധീരതയോടെ ക്രിസ്തുവിനെപ്രഘോഷിക്കാം.



# ഇടയമൊഴി



## കുടയെടുക്കാൻ മറന്നവർ വെയിലത്തു നിൽക്കേണ്ടിവരും.....

മെയ് മാസം അവധിക്കാലമാണല്ലോ. നമ്മുടെ പ്രിയപ്പെട്ടവരെ സന്ദർശിച്ച് സ്നേഹവും വിശേഷങ്ങളും പങ്കുവച്ച് വീണ്ടും ഊർജ്ജസ്വലരായി കർമ്മമണ്ഡലങ്ങളിലേയ്ക്ക് നാം തിരിച്ചെത്തണം. എല്ലാവർക്കും നല്ല ഒരു അവധിക്കാലം ആശംസിക്കുന്നു.

ഓരോ മാതാപിതാക്കളും ഓരോ കുടകളാണ്. നമ്മുടെ ജീവിതത്തിന്റെ പലഘട്ടങ്ങളിലും പെരുമഴയിലും, പൊരിവെയിലിലും അവർ നമ്മെ സ്നേഹത്തിന്റെ, സംരക്ഷണത്തിന്റെ കുട ചൂടിച്ചു. ഓരോ വഴിത്തിരിവിലും നമുക്കു കുടയുമായി അവർ എത്തി. എന്നാൽ ജീവിതത്തിന്റെ വേഗതയിൽ നാം ആ കുടകൾ എവിടെയോ വച്ച് മറന്നുപോയി. ചിലപ്പോഴെങ്കിലും നമുക്ക് അത് വേണ്ടാതാകുന്നു. നനഞ്ഞ് ഒലിച്ചതും തുളകൾ വീണതുമായ പ്രിയപ്പെട്ട മുത്തച്ഛന്മാരേയും മുത്തശ്ശിമാരേയും അപ്രധാനഇടങ്ങളിലേയ്ക്ക് തള്ളിക്കളയുന്നു. ഓരോ വൃദ്ധ ജീവിതവും നമുക്കു നല്കിയ സുരക്ഷിതത്വത്തിന്റെ ചൂട് എങ്ങനെ മറക്കാനാകും... അതുകൊണ്ട് അവധിക്കാലം നമുക്ക് പ്രിയപ്പെട്ടവരെ സന്ദർശിക്കുന്ന കാലമാക്കാം.

ഇന്നത്തെ പുതിയ കുടുംബങ്ങൾ നഷ്ടപ്പെടുത്തുന്നത് ഇത്തരം കുടകളായ വല്യപ്പന്മാരുടെയും വല്യമ്മച്ചിമാരുടെയും സ്നേഹപരിലാളനകളാണ്. നമ്മുടെ കുഞ്ഞുങ്ങളെ ആദ്യമായി പ്രാർത്ഥന പഠിപ്പിക്കേണ്ടത് മുത്തച്ഛനോ, മുത്തശ്ശിയോ ആയിരിക്കണം. നമ്മൾ മറന്നു കളഞ്ഞതോ, പഠിപ്പിക്കാൻ കഴിയാത്തതുമായ നന്മയുടെ പാഠങ്ങൾ കുഞ്ഞുങ്ങൾക്കു പറഞ്ഞുകൊടുക്കേണ്ടത് അവരാണ്. എത്രയോ ജന്മങ്ങൾ കഴിഞ്ഞിട്ടാണ് നമുക്ക് അവരുടെ മൂല്യം തിരിച്ചറിയാൻ സാധിക്കുക.

ഗ്രാമത്തിന്റെ ഇടവഴികളിൽ മകനെ സൈക്കിൾ ചവിട്ടാൻ പഠിപ്പിക്കുന്ന ഒരച്ഛൻ നമ്മുടെ ഓർമ്മയിലുണ്ടാകും. മകൻ ഒരിക്കലും വീഴാതിരിക്കാൻ അച്ഛൻ മുറുകെ പിടിച്ചിട്ടുണ്ട്. ഏതാനും മണിക്കൂർ പരിശീലനം കഴിയുമ്പോൾ പിന്നെ അവൻ മുന്നോട്ടു കുതിക്കും. ഇത്രയുമേയുള്ളൂ മക്കളുടെ കാര്യം. നേരെ നില്ക്കാൻ



പ്രാപ്തിയാകുമ്പോൾ കുടകളെ നാം സൗകര്യപൂർവ്വം മറക്കും.

ഈ ലോകത്ത് നാം ചെയ്യുന്നത് ഒന്നും വെറുതെയാകുന്നില്ല. നീയെന്താണോ കൊടുത്തത് അത് നിനക്ക് തിരിച്ചുകിട്ടും. നീ നല്കിയത് സ്നേഹമായിരുന്നോ? സ്നേഹം ലഭിക്കും; പരിഗണനയായിരുന്നോ അത് ലഭിക്കും. ഇന്ന് നമ്മൾ മാതാപിതാക്കൾക്കു വേണ്ടി ചെയ്യുന്ന കടമകൾ ഒന്നും വെറുതെയാകുന്നില്ല എന്ന വലിയ തിരിച്ചറിവ് നമുക്കുണ്ടാകണം.

ഈ അവധിക്കാലം നമ്മുടെ പ്രിയപ്പെട്ട വല്യപ്പച്ചനോടും വല്യമ്മച്ചിയോടുമൊപ്പം ചെലവഴിച്ച് 'കുഞ്ഞേ നിനക്ക് നല്ലതേ വരൂ' എന്നുള്ള അനുഗ്രഹം സ്വീകരിക്കാം. അതാണ് ഈ ഭൂമിയിൽ നമുക്കു ലഭിക്കേണ്ട ഭാഗ്യം. മക്കൾക്കൊപ്പം നില്ക്കാനുള്ള യോഗ്യത മാതാപിതാക്കൾക്കില്ല. മാതാപിതാക്കളെ ഒപ്പം നിർത്താനുള്ള വിശാലത മക്കൾക്കു വേണം. ഒരു മക്കളും മാതാപിതാക്കളേക്കാൾ വലുതല്ല. മാതാപിതാക്കളെ ചെറുതാക്കാൻ ശ്രമിച്ചാൽ മക്കൾ തന്നെയാണ് ചെറുതാകുന്നത്.

ഏവർക്കും നല്ല ഒരു അവധിക്കാലം ആശംസിക്കുന്നു.

വികാരിയച്ചൻ
**ഫാ. തോമസ് കാവുങ്കൽ**

ലൂർദ്ദ് വോയ്സിൽ പ്രസിദ്ധീകരിക്കേണ്ട ന്യൂസുകളും ആർട്ടിക്കിളുകളും ഓരോ മാസവും പതിനഞ്ചാം തീയ്യതിക്ക് മുൻപായി കൊച്ചച്ചനെ ഏൽപ്പിക്കേണ്ടതാണ്. പരസ്യങ്ങൾ ഫോട്ടോയും പൈസയും സഹിതം നല്കേണ്ടതാണ്. കളർ ഫുൾ പേജ് - 2400, ഫാഫ് പേജ് - 1200, B/w ഫുൾ പേജ് - 1500



# പൊതുവാർത്തകൾ

**കൃതജ്ഞതയോടെ...**

നമ്മുടെ ഇടവകയിൽ സ്തുത്യർഹമായ സേവനം അനുഷ്ഠിച്ച് മറ്റു കോൺവെന്റുകളിലേയ്ക്ക് സ്ഥലം മാറിപ്പോകുന്ന Sr. ഗ്രേസ്‌ലിൻ FCC (മദർ) Sr. വിമല FCC (ഒറ്റപ്പാലം) Sr. പൗളീറ്റ FCC (ഈറോഡ്) Sr. അനിത മാത്യു FCC (ഷേഫി ആരാം - ചാവടി) Sr. എൽസാ ജിസ്സ് FCC (എളവംപാടം) Sr. ഷീൻ തെരേസ് FCC (സേലം) എന്നിവർക്ക് ഇടവക സമൂഹത്തിന്റെ നന്ദിയും പ്രാർത്ഥനാശംസകളും നേരുന്നു.

**സ്വാഗതം....**

ഇടവകയിലേയ്ക്ക് സേവനത്തിനായി കടന്നുവരുന്ന മദറിനും മറ്റു സിസ്റ്റേഴ്സിനും സ്വാഗതവും പ്രാർത്ഥനാശംസകളും ..... Sr. മേരി ആന്റോ FCC (മദർ), Sr. ജൊസീന FCC, Sr. ലിൻസ് മരിയ FCC, Sr. ലീനസ് FCC, Sr. ലില്ലി മരിയ FCC എന്നിവരെ ഇടവക കൂട്ടായ്മയിലേക്ക് സ്വാഗതം ചെയ്യുന്നു.

**മാതൃദിനം**

മെയ് 12-ാം തിയ്യതി ഞായറാഴ്ച ലോകമാതൃദിനമായി ആചരിക്കുന്നു. എല്ലാ അമ്മമാർക്കും ഹൃദ്യമായ മാതൃദിനആശംസകൾ

**പ്രീകാനാ സെമിനാർ**

മെയ് 2,3,4 (വ്യാഴം, വെള്ളി, ശനി) തിയ്യതികളിൽ കുനിയമുത്തൂർ നിർമ്മലമാതാ സ്കൂളിൽ വച്ച് പ്രീകാനാ സെമിനാർ നടക്കുന്നു.

**രൂപതാദിനം – അവാർഡുകൾ**

1. ഈ വർഷം വിവാഹത്തിന്റെയും സന്യാസസമർപ്പണത്തിന്റെയും രജത, സുവർണ്ണ, പ്ലാറ്റിനം ജൂബിലി ആഘോഷിക്കുന്ന ദമ്പതികൾ, സന്യസ്തർ.
2. മൂന്നിൽ കൂടുതൽ കുട്ടികളുള്ള കുടുംബം (2018 ജൂൺ മുതൽ 2019 ഏപ്രിൽ നും ഇടയിൽ ജനിച്ച കുട്ടി ഉൾപ്പെടെ)
3. കലാകായിക രംഗത്ത് ജില്ലാ - സംസ്ഥാന - ദേശീയ തലങ്ങളിൽ സമ്മാനാർഹരായവർ.
4. പ്രൊഫഷണൽ കോഴ്സുകളിൽ യൂണിവേഴ്സിറ്റി റാങ്ക് ജേതാക്കൾ, ഈ വർഷം PHD ലഭിച്ചവർ; സാമൂഹിക സേവനരംഗത്ത് അവാർഡ് ലഭിച്ചവർ
5. ലോഗോസ് ക്വിസിൽ രൂപതാ തലത്തിൽ അവാർഡ് ജേതാക്കൾ, മതബോധനരംഗത്ത് റാങ്ക് ലഭിച്ചവർ.
6. X,XII ക്ലാസ്സുകളിൽ സ്കൂൾതലത്തിലും, മതബോധനരംഗത്തും റാങ്ക് ലഭിച്ചവർ.

അവാർഡിന് അർഹരായവർ ഇടവകയിലെ ബഹുമാനപ്പെട്ട കൊച്ചച്ചന്റെ കയ്യിൽ നിന്നും അപേക്ഷ വാങ്ങി പൂരിപ്പിച്ച് മെയ് 20 നു മുൻപായി പള്ളിയിൽ തിരിച്ചേൽപ്പിക്കേണ്ടതാണ്.

**ശ്രീലങ്കയ്ക്കായ്..**

ശ്രീലങ്കയിലെ വിവിധ ക്രൈസ്തവ ദൈവാലയങ്ങളിൽ സ്ഫോടനങ്ങളിൽ ജീവൻ നഷ്ടപ്പെട്ടവരുടെ ബന്ധുക്കളുടെയും, പരിക്കേറ്റവരുടെയും വേദനയിൽ നമുക്കും പങ്കുചേരാം. ശ്രീലങ്കയിലെ പൊതുസമൂഹത്തിനുവേണ്ടി നമുക്ക് പ്രാർത്ഥിക്കാം.

ഇടവകയിൽ ഏപ്രിൽ 28-ാം തിയ്യതി ഞായറാഴ്ച വിശുദ്ധ കുർബ്ബാനയ്ക്കുശേഷം മരിച്ചുപോയവർക്കും പരിക്കേറ്റവർക്കുമായി പ്രത്യേക പ്രാർത്ഥനയും മെയ് 3-ാം തിയ്യതി വെള്ളിയാഴ്ച ഒരു മണിക്കൂർ പ്രത്യേക ആരാധനയും നടത്തി.



# Evangelization



Evangelization is a mandate given by our lord Jesus Christ for spreading his kingdom, his teachings, his promises and the mystery of Holy Trinity. Evangelization is a process by which one is sent to proclaim the gospel of Jesus Christ to the world. In this sense the true evangelization can be traced back to the apostolic times. Apostles were the real evangelists from whom the first community came into existence. They willingly went to the different parts of the world where they proclaimed the gospel of Christ and consequently new communities emerged from their Christ experience. The method and content of the apostolic evangelization includes proclamation, Kerygma, preaching and catechesis. The church says that evangelization is a complex process made up of humanity, witness, explicit proclamation, inner adherence, entry into the community, acceptance of signs apostolic initiative (EvangeliiNuntiandi 24).

The above-given sentences throw light on the fundamental existence of our church community in Tamil Nadu. Our Church Community deserves special mention of the initiative in connection with evangelization, because it prepares us spiritually to do mission work in the area where the most of the population haven't yet come to know about Christ. As we have entered into a new liturgical period and our eparchy is extended to new territories in Tamil Nadu, our community is responsible to evangelize our territories on the basis of our ecclesial tradition and the mystagogical catechism of the church fathers of our tradition.

The chief goal of our community in this liturgical period is to prepare us for findingo utt heE cclesialt raditiona ndu nderstandingt heM ystagogical catechism of church father of our traditions. Let us join our hands with one another and work together for achieving this goal.

I wish you the blessings of the risen lord Jesus Christ on the great feast of Easter.

May the risen Lord fill your hearts with his peace.

**Fr. George Madathikandathil**
Asst. Vicar



# ലൂർദ്ദ് ഫൊറോന ദൈവാലയ വാർത്തകൾ

**കുർബാനസമയങ്ങളുടെ മാറ്റം**

ജൂൺമാസം മുതൽ ഞായറാഴ്ചകളിൽ രാവിലെ 6:15 ന്, 8:15 ന്, 10:30 ന് വൈകുന്നേരം 5:30 ന് എന്നീ സമയക്രമങ്ങളിലായിരിക്കും വി. കുർബാന.

**വി. യൗസേപ്പിതാവിന്റെ തിരുനാൾ –**

തൊഴിലാളിമദ്ധ്യസ്ഥനായ വി. യൗസേപ്പിതാവിന്റെ തിരുനാൾ മെയ് ഒന്നാം തിയതി സെന്റ് ജോസഫ് കുടുംബകൂട്ടായ്മയുടെ നേതൃത്വത്തിൽ ആഘോഷപൂർവ്വമായി കൊണ്ടാടുന്നു. അന്നേദിവസം രാവിലെ 6:15 നുള്ള ആഘോഷപൂർവ്വമായ വി. കുർബാനയിൽ പങ്കെടുത്ത് വിശുദ്ധന്റെ മാദ്ധ്യസ്ഥം തേടി പ്രാർത്ഥിക്കാം.

**ഈശോയെ സ്വീകരിക്കുന്നു.**

നമ്മുടെ ഇടവകയിൽ ഈ വർഷം ആദ്യകുർബാനസ്വീകരണം മെയ്മാസം 19 – ാം തിയതി രാവിലെ 10 മണിക്ക് നടത്തപ്പെടുന്നു. അന്നേദിവസം വിശുദ്ധ കുർബ്ബാനസ്വീകരിക്കുന്ന കുട്ടികൾക്കുവേണ്ടി പ്രാർത്ഥിക്കാം.

**മതബോധനസമയം**

ജൂൺമാസം മുതൽ രാവിലെ 8:00 മുതൽ 10:30 വരെ ആയിരിക്കും വേദപാഠക്ലാസ്സുകൾ.

**വിൽസൺ അച്ചന് സ്വാഗതം**

നമ്മുടെ നിത്യാരാധനകേന്ദ്രത്തിൽ കുമ്പസാരത്തിനും കൗൺസിലിങ്ങിനുമായി വരുന്ന ബഹു. വിൽസൺ പ്ലാക്കൽ അച്ചന് ഇടവകയിലേയ്ക്ക് ഹാർദ്ദവമായ സ്വാഗതവും പ്രാർത്ഥാശംസകളും നേരുന്നു.

**നോമ്പുകാല ധ്യാനം**

ഈ വർഷം നോമ്പുകാല ധ്യാനം നയിച്ച കുളത്തുവയൽ നിർമ്മല റിട്രീറ്റ് സെന്ററിലെ സിസ്റ്റേഴ്സിനും പങ്കെടുത്തവർക്കും സാമ്പത്തികസഹായ സഹകരണങ്ങൾ നല്കിയ എല്ലാവർക്കും നന്ദി....

**നന്ദിയോടെ....**

ദുഃഖവെള്ളിയാഴ്ച കുരിശിന്റെ വഴിയ്ക്ക് നിശ്ചലദൃശ്യം ഒരുക്കിയ SMYM നും അവരെ സഹായിച്ച മാതൃവേദി അംഗങ്ങൾക്കും കുട്ടികൾക്കും സ്റ്റേജ്,മേക്കപ്പ് വാഹനസൗകര്യം ഒരുക്കിയവർക്കും നന്ദി.

വിശുദ്ധവാര തിരുക്കർമ്മങ്ങൾ മനോഹരമാക്കാൻ ഉദ്യമിച്ച ബഹു. സിസ്റ്റേഴ്സ്, കൈക്കാരന്മാർ, കപ്യാരുമാർ, ഗായകസംഘം, അൾത്താരസംഘം, ബഹു ബ്രദേഴ്സ്, വേദപാഠം കുട്ടികൾ മാതൃവേദി, പിതൃവേദി, സാമ്പത്തികമായി സഹായിച്ച



വർക്കും പെസഹവ്യാഴം, ഈസ്റ്റർ ദിനത്തിൽ അൾത്താര അലങ്കരിക്കാൻ പൂക്കൾ നല്കിയവർക്കും ഈസ്റ്റർ നോമ്പുവീടൽ കർമ്മത്തിന് നേതൃത്വം നല്കിയ പിതൃവേദിക്കും പ്രത്യേകം നന്ദി. ഉത്ഥിതനായ മിശിഹ നമ്മെ അനുഗ്രഹിക്കട്ടെ.



**അഭിമാനനിമിഷം**

സ്കൊളസ്റ്റിക് ടെസ്റ്റിൽ നൂറിൽ 100 മാർക്കു വാങ്ങി രൂപതാ തലത്തിൽ ഒന്നാം സ്ഥാനം കരസ്ഥമാക്കിയ റോമിയോ അലോഷ്യസിന് ഇടവകയുടെ അഭിനന്ദനങ്ങൾ.

**കൈക്കാരന്മാരുടെ ഓഫീസ്**

മെയ് മാസം മുതൽ കൈക്കാരന്മാരുടെ ഓഫീസ് നിത്യാരാധനാ കേന്ദ്രത്തിനു മുൻപിലുള്ള മുറിയിലായിരിക്കും

Contact Numbers of priest in presbytery

Fr. Wilson plackal- 9442991196- Counciling & confession

Fr. Thomas Kavungal- 9443937675- Vicar

Fr. George Madathi kandathi-9207910118-Asst. Vicar

**മാതൃവേദിയ്ക്ക് ഒരു അഭിമാനം**

രൂപതാ മാതൃവേദിയുടെ സെനറ്റ് മെമ്പറായി തിരഞ്ഞെടുക്കപ്പെട്ട ശ്രീമതി. കാതറിൻ റോമിയോയ്ക്ക് ഇടവകയുടെ അഭിനന്ദനങ്ങൾ....

**കുട്ടികളുടെ പുസ്തകവെഞ്ചിരിപ്പും എഴുത്തിനിരുത്തും**

ഈ വർഷം ആദ്യമായി സ്കൂളിൽ പോകുന്ന കുട്ടികളെ എഴുത്തിനിരുത്തൽ ജൂൺമാസം രണ്ടാം തിയതി ഞായറാഴ്ച രണ്ടാമത്തെ കുർബാനയോടുകൂടി നടത്തപ്പെടുന്നു. അന്നേദിവസം പുതിയപുസ്തകങ്ങളും പഠനോപകരണങ്ങളും വെഞ്ചിരിച്ച് കുട്ടികൾക്ക് നല്കുന്നതാണ്.



**ഇടവക സി. എം. എൽ. ന് അഭിമാനനിമിഷം**

സി.എം.എൽ (CML) ഇന്റർനാഷണൽ കോ- ഓഡിനേഷൻ ടീമിലെ അംഗമായി തിരഞ്ഞെടുക്കപ്പെട്ട ശ്രീമതി ദീപാ ആനന്ദിന് ഇടവകയുടെ അഭിനന്ദനങ്ങളും പ്രാർത്ഥനാശംസകളും നേരുന്നു.



**വി. ഗീവർഗ്ഗീസിന്റെ തിരുനാൾ**

വി. ഗീവർഗ്ഗീസിന്റെ തിരുനാളിന് നേതൃത്വം നല്കിയ സെന്റ്. ജോർജ്ജ് യൂണിറ്റിന് പ്രത്യേകം നന്ദി...

**നന്ദിയോടെ എസ്. എം. വൈ. എം.**

രണ്ടുവർഷക്കാലം SMYMന്റെ ആനിമേറ്ററായി സ്തുത്യർഹ സേവനമനുഷ്ഠിച്ച് ചാവടി ഷേഫി ആരാം കോൺവെന്റി ലേയ്ക്ക് സ്ഥലം മാറിപ്പോകുന്ന Sr. അനിത മാത്യു FCC ക്ക് ഞങ്ങളുടെ നന്ദിയും പ്രാർത്ഥനാശംസകളും നേരുന്നു.



Sr. അനിത മാത്യു FCC

**SMYM News**

SMYM led the way of cross in the Gandhipuram Church on every Sunday.

A Tableau was staged on Good Friday by SMYM.

As part of Lenten observance, we, SMYM, organized a pilgrimage for the Lourdes parish members to Malayatoor.

Following persons have been elected as office bearers for the year 2019 -2020.

Mr Ash Paulose - President

Vinu kurian Secretary

Mr. Vishal Varghese has been elected as the treasurer of SMYM Ramanathapuram

# വി. യൗസേപ്പ് മാതൃകാതൊഴിലാളി

വി.യൗസേപ്പ് വിശ്വകർമ്മാവിന്റെ ജോലിയാണ് നിർവ്വഹിച്ചിരുന്നത്. അദ്ദേഹം ദാവീദിന്റെ രാജവംശത്തിലാണ് ജനിച്ചതെങ്കിലും ഒരു ആശാരിയുടെ ജോലി ചെയ്യുന്നതിന് വൈമുഖ്യം പ്രദർശിപ്പിച്ചില്ല. വി. യൗസേപ്പ് ജോലിചെയ്തത് കേവലം സാമ്പത്തികനേട്ടങ്ങൾക്കുവേണ്ടിമാത്രമല്ല. പ്രത്യുത സഹോദരങ്ങൾക്കു സേവനമർപ്പിക്കുക എന്ന ലക്ഷ്യവും വിശുദ്ധ യൗസേപ്പിനുണ്ടായിരുന്നു.

മനുഷ്യന്റെ പരിത്രാണപരിപാടിയിൽ തൊഴിലിനും സ്ഥാനമുണ്ട്. അത് നമ്മെ മനസ്സിലാക്കുന്നതിനുവേണ്ടിയാണ് ദൈവകുമാരനും അവിടുത്തെ വളർത്തുപിതാവും ഒരു തച്ചന്റെ ജോലി ചെയ്തത്. വേലയോടുള്ള നമ്മുടെ സമീപനവും

Continues Page 00





**മാതൃവേദി (ഗാന്ധിപുരം)**

* മെയ് മാസത്തിൽ ജനറൽബോഡിമീറ്റിങ്ങ് ഉണ്ടായിരിക്കുന്നതല്ല.

* പരിശുദ്ധ അമ്മയുടെ വണക്കത്തിനായി പ്രത്യേകം സമർപ്പിക്കപ്പെട്ട മെയ് മാസത്തിൽ കുടുംബപ്രാർത്ഥനയോടുകൂടി വണക്കമാസ പ്രാർത്ഥനചൊല്ലി പ്രാർത്ഥിക്കാൻ എല്ലാ അമ്മമാരും പ്രത്യേകം ശ്രദ്ധിക്കുമല്ലോ. മെയ് 31-ാം തിയതി വൈകുന്നേരം ദിവ്യബലിയ്ക്കുശേഷം നേർച്ച (പാച്ചോറ്) വിതരണം അമ്മമാരുടെ നേതൃത്വത്തിൽ നടത്തപ്പെടുന്നതാണ് എന്ന് ഓർമ്മപ്പെടുത്തുന്നു.

* രൂപതാ മാതൃവേദിയുടെ സെനറ്റ് മെമ്പറായി തിരഞ്ഞെടുക്കപ്പെട്ട ഗാന്ധിപുരം ഇടവക മാതൃവേദി വൈസ് പ്രസിഡന്റ് ശ്രീമതി കാതറിൻ റോമിയോയ്ക്ക് അഭിനന്ദനങ്ങളും പ്രാർത്ഥനാശംസകളും നേരുന്നു.

*** നന്ദിയോടെ....**



Sr. ഗ്രേസ്ലിൻ FCC

മൂന്നുവർഷക്കാലം മാതൃവേദിയുടെ ആനിമേറ്ററായി സ്തുത്യർഹസേവനം അനുഷ്ഠിച്ച് സ്ഥലം മാറിപ്പോകുന്ന Sr. ഗ്രേസ്ലിൻ FCC യ്ക്ക് ഞങ്ങളുടെ നന്ദിയും പ്രാർത്ഥനാശംസകളും... മാതൃവേദിയുടെ ഓരോ പ്രവർത്തനങ്ങളും കാര്യക്ഷമമായി നടത്തുന്നതിന് വേണ്ട നിർദ്ദേശങ്ങൾ നല്കി ഞങ്ങളെ നയിച്ചുകൊണ്ടിരുന്ന സിസ്റ്ററിന് പുതിയ കർമ്മമണ്ഡലത്തിൽ എല്ലാ വിധ ദൈവാനുഗ്രഹങ്ങളും ഉണ്ടാകട്ടെ എന്ന് ആശംസിക്കുന്നു.

# ഓർമ്മിക്കേണ്ട ദിവസങ്ങൾ

മെയ് 2019

01. മെയ്ദിനം- തൊഴിലാളികളുടെ മദ്ധ്യസ്ഥനായ മാർ യൗസേപ്പ് പിതാവിന്റെ തിരുനാൾ
02. വി. അത്തനേഷ്യസ്
03. ആദ്യവെള്ളി, അപ്പസ്തോലന്മാരായ വി. ഫീലിപ്പോസ് വി.യാക്കോബ്
06. വി. ഡൊമിനിക് സാവിയോ
14. വി. മത്തിയാസ് ശ്ലീഹ
27. പരി. ത്രിത്വത്തിന്റെ തിരുനാൾ
30. നമ്മുടെ കർത്താവിന്റെ സ്വർഗ്ഗാരോഹണം (കടമുള്ള ദിവസം)
31. പ. കന്യകാമറിയത്തിന്റെ സന്ദർശനം.



# மே! தெய்வீகப் பெருமை கூறும் தேவ மாதாவின் வணக்க மாதம்

மரியன்னையை அறியும் ஞானத்திற்காக நாம் எங்கும் தேடியலைய வேண்டாம். இருக்கிற இடத்திலேயே நேரம் ஒதுக்கி சிந்திப்போம். அதற்காகத்தான் திருச்சபை இந்த மே மாதத்தை ஒதுக்கி தியானிக்கப் பணிக்கிறது..சிறப்பாக நம் அன்னையை புகழவும் வாழ்த்தவும் இந்த மே மாதம் நமக்கு ஒதுக்கப்பட்டுள்ளது..

திருவிவிலியம் தூய கன்னி மரியாவைப் பேறு பெற்றவர் என்று எதனால் அழைக்கின்றது? மாதா கூட தாம் பேறுபெற்றவர் என்றும், எல்லாத் தலைமுறையினரும் தம்மைப் பேறுபெற்றவர் என்று அழைப்பர் என்றும் கூறுகின்றார். (லூக் 1 : 48). வேறு எவருக்கும் கிடைக்காத நான்கு அருளை ஆண்டவர் மாதாவுக்குக் கொடுத்தார். கத்தோலிக்கத் திருச்சபையும் மாதாவைக் குறித்து நான்கு மறையுண்மைகளைப் போதிக்கின்றது..அவை முறையே மாதா இறைவனின் தாய். நித்திய கன்னி, ஜென்ம பாவமில்லாமல் பிறந்த அமலோற்பவ மாதா மற்றும் விண்ணேற்பு அடைந்தவர். இந்த மாபெரும் அருளைப் பெற்றதால் அவர் பேறுபெற்றவர் என்று அழைக்கப்படுகிறார்..

இயேசு நமக்கு இரு கட்டளைகளை கொடுத்தார். அவை இறையன்பு, பிறரன்பு. அன்னை மரியா நமக்கு ஒரே கட்டளையைத் தான் தந்தார். அவர் உங்களுக்கு சொல்வதையெல்லாம் செய்யுங்கள் (யோவா 2:5). எனவே அன்னையை ஏற்றுக்கொண்டவர்கள் இன்றைய போலித் தீர்க்கதரிசிகளையும் நற் செய்தியாளர்களையும் வென்றவர்கள். ஏனெனில் நம் முன் வசிக்கும் இறைவன் உலகத்திலுள்ள எந்த ஒன்றைக் காட்டிலும் பெரிதானவராய் இருக்கிறார். அவரின் சித்தப்படியே நாம் அன்னையில் விசுவாசம் வைக்கின்றோம். அன்னையை ஏற்காதவர்களே உலகம் சார்ந்த ஆவியைப் பெற்றவர்களாய் வாழ்ந்து உலக இயல்பின் அடிப்படையில் தவறான கருத்தையும் விளக்கத்தையும் விவிலிய வார்த்தைகளுக்குகொடுத்து அன்னையைப் பழித்துரைக்கின்றனர் இவர்கள் தூய ஆவியைப் பெற்றவர்களாக இருப்பின் நிச்சயமாக சத்திய திருச்சபைக்கு செவி கொடுப்பார்கள்..

“அருள் நிறைந்தவளே வாழ்க ஆண்டவர் உம்முடனே” என கபிரியேல் வான தூதர் மரியாளைப் புகழ்கின்றார். (லூக் 1:28) இறைவன் வாசம் செய்ய தேர்ந்து கொண்ட திருக்கோயில் நம் தாய் மரியாள்.. பெண்ணினத்தின் ஆசிர்வதிக்கப்பட்ட பேரரசி நம் பிரியமுள்ள அன்னை அவளை அன்றாடம் அன்புடன் நினைத்து நெஞ்சாரப் புகழ்வது நம் கடமை.. எனவே, மேன்மைமிகு மே மாதத்தில் மரியின் அடைக்கலத்தை மனமுவந்து தேடுவோம்.

மரியே வாழ்க !



# ഹോളിഫാമിലി മിഷൻ സെന്റർ വാർത്തകൾ

**വിശുദ്ധവാര തിരുക്കർമ്മങ്ങൾ**

വിശുദ്ധവാര തിരുക്കർമ്മങ്ങൾ ഏറ്റവും മനോഹരമാക്കാൻ സഹകരിച്ച ഏവർക്കും നന്ദി....

**നോമ്പുകാല ധ്യാനം**

നോമ്പുകാല ധ്യാനത്തിൽ സംബന്ധിച്ച ഏവരേയും ദൈവം സമൃദ്ധമായി അനുഗ്രിക്കട്ടെ

**തൊഴിലിന്റെ നേട്ടം**

നാം ഏതു തൊഴിൽ ചെയ്താലും ആ അധ്വാനത്തിന്റെ ആകെത്തുക നല്കുന്നത് ദൈവമാണ്. തൊഴിലാളി മദ്ധ്യസ്ഥനായ വി. യൗസേപ്പിതാവിന്റെ തിരുനാളിൽ വി. കുർബാനയിൽ പങ്കെടുത്ത് വിശുദ്ധന്റെ മാദ്ധ്യസ്ഥം യാചിച്ച് പ്രാർത്ഥിക്കാം.

**മെയ് മാസ വണക്കം.**

പരിശുദ്ധ കന്യകാ മാതാവിന്റെ വണക്കമാസ പ്രാർത്ഥന കുടുംബപ്രാർത്ഥനയോടു കൂടി ചൊല്ലി മാതാവിന്റെ വിമലഹൃദയത്തിന് സമർപ്പിച്ച് പ്രാർത്ഥിക്കാം..

**മാതൃവേദി സമ്മാന പെരുമഴ**

മിഷ്യൻ സെന്ററിലെ മാതൃവേദി അംഗങ്ങൾ രൂപതാതലത്തിൽ സമ്മാനങ്ങൾ വാരിക്കൂട്ടി.രൂപതാതലത്തിൽ നടന്ന റിപ്പോർട്ട് അവതരണ മത്സരത്തിൽ ഒന്നാം സ്ഥാനം കരസ്ഥമാക്കുകയുണ്ടായി. രൂപതാതലത്തിൽ നടത്തപ്പെട്ട കവിതാ രചനമത്സരത്തിൽ ഗാന്ധിപുരം ഫൊറോനതലത്തിൽ ശ്രീമതി മോളി ജോൺ 3-ാം സ്ഥാനം കരസ്ഥമാക്കി. കരോൾ ഗാനമത്സരത്തിൽ ഫൊറോനതലത്തിൽ 1-ാം സ്ഥാനവും രൂപതാതലത്തിൽ 3-ാം സ്ഥാനവും കരസ്ഥമാക്കി നമ്മുടെ അമ്മമാർ ബൈബിൾ ക്വിസ് മത്സരത്തിലും നമ്മുടെ അമ്മമാർ പങ്കെടുക്കുകയുണ്ടായി... സമ്മാനങ്ങൾ കരസ്ഥമാക്കിയ എല്ലാ അമ്മമാർക്കും അഭിനന്ദനങ്ങൾ അറിയിക്കുന്നു.



## ഗാന്ധിപുരം ഇടവക & ഗണപതി/അത്തിപാളയം മിഷൻ സെന്റർ ബഹു. വികാരിയച്ചന് ആശീർവ്വാദം.

ഗാന്ധിപുരം ഇടവകയിൽ ഗണപതി/അത്തിപാളയം ഭാഗത്ത് താമസിക്കുന്ന ഇടവകക്കാർക്ക്  കുറച്ചുകൂടി അടുത്ത് വി. കുർബാനയ്ക്കും വിശ്വാസപരി ശീലനത്തിനും മറ്റും സൗകര്യമുണ്ടാക്കുന്നതിനുവേണ്ടി 2013 മുതൽ 2019 വരെ രണ്ട് സ്ഥലങ്ങളിലായി താല്ക്കാലിക ഭവനങ്ങളിൽ നിങ്ങൾ വി. കുർബാ നയും വിശ്വാസപരിശീലനവും സംഘടനാ പ്രവർത്തനങ്ങളും തുടങ്ങി. അതി നിടയ്ക്ക് 11.06.2015 ന് ഗണപതിയിലെ കെ.ആർ.ജി. നഗറിൽ 21 സെന്റ് സ്ഥലവും വാങ്ങി. നിർഭാഗ്യവശാൽ സാങ്കേതികവും  പ്രായോഗികവുമായ കാര ണങ്ങളാലും തടസ്സങ്ങളാലും താല്ക്കാലിക സ്ഥലങ്ങളിലും സ്വന്തം സ്ഥലത്തും വി. കുർബാനയ്ക്കും മറ്റും സ്ഥിരം സംവിധാനം ഉണ്ടാക്കാൻ കഴിഞ്ഞില്ല.

ഈ സാഹചര്യം 10.02.2019 ന് അത്തിപാളയം പ്രതിനിധിയോഗത്തിലും 29.02.2019 ന് ഗണപതി/അത്തിപാളയം പൊതുയോഗത്തിലും 03.03.2019 ന് ഗാന്ധിപുരം പൊതുയോഗത്തിലും ചർച്ച ചെയ്തു. മേല്പറഞ്ഞ ചർച്ചകളുടെ അടിസ്ഥാനത്തിൽ ഗാന്ധിപുരത്തേയും അത്തിപാളയം മിഷൻ സെന്ററി ന്റെയും കൈക്കാരന്മാരുടെയും അത്തിപാളയം കമ്മിറ്റിയുടെയും സംയുക്ത യോഗം 08.04.2019 നും അത്തിപാളയം എസ്.എം.വൈ.എം. മാതൃ വേദി+പിതൃവേദി എന്നിവയുടെ  സംയുക്തയോഗം 10.04.2019 നും നടന്നു. മേല്പറഞ്ഞ ചർച്ചകളുടെയും വിലയിരുത്തലുകളുടെയും അടിസ്ഥാനത്തിൽ നിങ്ങൾ ഇവിടെ സമർപ്പിച്ച നിർദ്ദേശങ്ങളുടെയും നിരീക്ഷണങ്ങളുടെയും മേലുള്ള രൂപതാകാര്യാലയത്തിന്റെ തീരുമാനങ്ങൾ ചുവടെ ചേർക്കുന്നു.

1. ഗണപതി/അത്തിപാളയം ഭാഗത്ത് സ്വന്തമായ പള്ളി ഉണ്ടാകുന്നതുവരെ ആ ഭാഗത്ത് താല്ക്കാലിക ഭവനങ്ങളിൽ കുർബാനയ്ക്കും മറ്റു ആവശ്യങ്ങൾക്കും പോയിരുന്ന കുടുംബക്കൂട്ടായ്മകൾ 22.04.2019 തിങ്കളാഴ്ച മുതൽ ഇടവക പള്ളിയായ ഗാന്ധിപുരം പള്ളിയിലേയ്ക്ക് തന്നെയാണ് വരേണ്ടത്.

2. ഗണപതിയിൽ നിലവിലുള്ള സ്ഥലം വില്ക്കാനും ഭാവി പള്ളിയ്ക്ക് ആവശ്യ മായ സ്ഥലം വാങ്ങാനും നിലവിലുള്ള ഗണപതി/അത്തിപാളയം കമ്മിറ്റി തന്നെ



യാണ് പ്രവർത്തിക്കേണ്ടത്. ആ കമ്മിറ്റിയിൽ താഴെപറയുന്നവർ അംഗങ്ങളായിരിക്കും. വികാരിയച്ചൻ,അത്തിപാളയത്ത് നിലവിലുള്ള കൈക്കാരന്മാർ, ശ്രീ. എ.ജി വർഗ്ഗീസ് ചിറയത്ത് അത്താണിക്കൽ (കൺവീനർ), ശ്രീ. ജോൺ കാട്ടാശ്ശേരി (ജോ. കൺവീനർ), ശ്രീ. ജോർജ്ജ് കൊല്ലംകുന്നത്ത്, ശ്രീ വിൽസൺ അക്കര, ശ്രീ. ഡേവീസ് പുലിക്കൂടൻ, ശ്രീ. സിഫി ജേക്കബ് വാഴപ്പിള്ളി& ശ്രീ. സുബിൻ പഞ്ചിപ്പിള്ളി.

3. മേല്പറഞ്ഞ കമ്മിറ്റിയിൽ ബഹു. വികാരിയച്ചനും കൺവീനർ ശ്രീ. എ.ജി വർഗ്ഗീസും ജോയിന്റ് കൺവീനർ ശ്രീ. ജോണി കാട്ടാശ്ശേരിയും ശ്രീ. ജോർജ്ജ് കൊല്ലംകുന്നത്തും ശ്രീ. വിൽസൺ അക്കരയും കോർ കമ്മിറ്റിയംഗങ്ങളായിരിക്കും. ഈ കോർകമ്മിറ്റിയാണ് സ്ഥലം വില്ക്കാനും വാങ്ങാനും നേതൃത്വം നല്കേണ്ടത്. കമ്മിറ്റി ജനറൽബോഡിയിൽ ആവശ്യമുള്ള ചർച്ചകൾക്കുശേഷം യുക്തമായ തീരുമാനമെടുക്കാൻ ഈ കോർകമ്മിറ്റിക്ക് അധികാരമുണ്ടായിരിക്കും.

4. ഗണപതി/ അത്തിപാളയം സെന്ററിൽ ഉപയോഗിക്കുന്ന തിരുവസ്തുക്കൾ ഗാന്ധിപുരം മേരി റാണി കോൺവെന്റിലും മറ്റു സാധനങ്ങൾ നിലവിലുള്ള സ്ഥലത്തെ (കെ.ആർ.ജി നഗർ) കെട്ടിടത്തിലും, മറിച്ചൊരു സംവിധാനവും തീരുമാനവും ഉണ്ടാകുന്നതുവരെ, ഭദ്രമായി സൂക്ഷിക്കണം.

5. ടി.സെന്ററിന്റെ രണ്ട് ബാങ്ക് അക്കൗണ്ടുകളും (കൺസ്ട്രക്ഷൻ+ മെയിന്റൻസ്) വികാരിയച്ചന്റെയും കമ്മിറ്റി കൺവീനറിന്റെയും സംയുക്തപേരിൽ തുടർന്നും പ്രവർത്തിക്കണം. അപ്രകാരം തുടരുന്നതിന് എന്തെങ്കിലും സാങ്കേതിക തടസ്സങ്ങളുണ്ടെങ്കിൽ രണ്ട് അക്കൗണ്ടുകളിലും നിലവിലുള്ള സംഖ്യകൾ സ്ഥിരനിക്ഷേപമായി (Fixed Deposit) ഗണപതി/ അത്തിപാളയം സീറോമലബാർ സമൂഹത്തിനുവേണ്ടി ഗാന്ധിപുരം പള്ളിയുടെ പേരിൽ ബാങ്കിൽ നിക്ഷേപിക്കണം.

6. അതുപോലെ, മിഷൻ സെന്ററിലെ എസ്.എം.വൈ.എം., മാതൃവേദി, പിതൃവേദി എന്നിവയുടെ നിലവിലുള്ള ബാങ്ക് അക്കൗണ്ടുകൾ നിലനിർത്തുകയും ബഹു. വികാരിയച്ചനും ബന്ധപ്പെട്ട സംഘടനാ ട്രഷററും സംയുക്തമായി അവ പ്രവർത്തിപ്പിക്കുകയും വേണം. ആ രീതിയിൽ പ്രവർത്തിക്കാൻ എന്തെങ്കിലും സാങ്കേതിക തടസ്സം ഉണ്ടാകുന്ന പക്ഷം അക്കൗണ്ടുകൾ എല്ലാം സ്ഥിര



നിക്ഷേപ (Fixed Deposit) മാക്കി ഗണപതി/അത്തിപാളയം മിഷൻ സെന്റർ എസ്.എം.വൈ.എം., മാതൃവേദി, പിതൃവേദി എന്നീ സംഘടനകൾക്കു വേണ്ടി" ഗാന്ധിപുരം പള്ളിയുടെ പേരിൽ നിക്ഷേപിക്കുകയും ബഹു. വികാരിയച്ചന്റെ പേരിൽ ബാങ്ക് അക്കൗണ്ട് പ്രവർത്തിപ്പിക്കുകയും വേണം.

7. ഗണപതി/ അത്തിപാളയം കുടുംബക്കൂട്ടായ്മകൾ, മറിച്ചൊരു തീരുമാനമുണ്ടാകുന്നതുവരെ, വി. കുർബാനക്കുവേണ്ടി വീണ്ടും ഗാന്ധിപുരം പള്ളിയിലേക്ക് വരുന്നതിനാൽ ജൂൺ മാസം മുതൽ ഗാന്ധിപുരത്ത് ഞായറാഴ്ചകളിലെ വി. കുർബാനകൾ കാലത്ത് 6.15,8.15,10.30 വൈകീട്ട് 5.30 എന്നീ സമയക്രമത്തിലായിരിക്കും. വിശ്വാസപരിശീലനം ജൂൺമാസം മുതൽ കാലത്ത് 8 മണിമുതൽ 10.30 വരെയായിരിക്കും. ഞായറാഴ്ചകളിൽ കുട്ടികൾക്കു വേണ്ടിയുള്ള വി. കുർബാന(ഇംഗ്ലീഷ്) നിലനിർത്തണം.

8. ഗാന്ധിപുരം ഇടവക എണ്ണത്തിലും കാര്യപ്രാപ്തിയിലും മുൻപന്തിയിലാണെങ്കിലും, വർഷങ്ങൾ പിന്നിട്ടിട്ടും ഗാന്ധിപുരം പള്ളി പുനർനിർമ്മാണവും ഗണപതി/അത്തിപാളയം പള്ളിയുടെ നിർമ്മാണവും ഇതുവരെ യാഥാർത്ഥ്യമാക്കാൻ കഴിഞ്ഞില്ല എന്നതു ഏറെ ദൗർഭാഗ്യകരമാണ്. അതുകൊണ്ട് ബഹു. വികാരിയച്ചന്റെ നേതൃത്വത്തിൽ ഗാന്ധിപുരം കമ്മിറ്റിയും ഗണപതി/ അത്തിപാളയംക മ്മിറ്റിയുംഒ റ്റക്കെട്ടായുംഹ ൃദയൈക്യത്തോടെയുംന ിശ്ചയദാർഢ്യത്തോടും കൂടി നിന്ന് ഒരു വർഷത്തിനുള്ളിൽ "രൂപതയുടെ ദശവത്സര" ത്തിൽ തന്നെ ഈ രണ്ടു പള്ളികളും യാഥാർത്ഥ്യമാക്കാൻ എല്ലാവരും പരിശ്രമിക്കണം, പ്രാർത്ഥിക്കണം.

നല്ലദൈവം പരി. അമ്മവഴി ഇക്കാര്യത്തിന് നമ്മെ അനുഗ്രഹിക്കട്ടെ

സ്നേഹപൂർവ്വം

ഈശോയിൽ നിങ്ങളുടെ വത്സലപിതാവ്

**മാർ പോൾ ആലപ്പാട്ട്**

രാമനാഥപുരം രൂപതാമെത്രാൻ

NB: ഈ കത്ത് ഗാന്ധിപുരം പള്ളിയിലും ഗണപതി/അത്തിപാളയം മിഷൻ സെന്ററിലും ഞായറാഴ്ച(14.4.2019) കുർബാനമദ്ധ്യേ വായിച്ചു.

# സ്നേഹസ്മരണയ്ക്കായി



21-ാം ചരമവാർഷികം (23.05.2019)



## ROSSA LONAPPAN

Thathrathil Ponmani House
P.N Palayam, CBE- 37

"നിങ്ങളും ഒരുങ്ങിയിരിക്കുവിൻ
എന്തെന്നാൽ പ്രതീക്ഷിക്കാത്ത
മണിക്കൂറിലാണ്
മനുഷ്യ പുത്രൻ വരുന്നത്"
ലൂക്കാ 12:40



പ്രാർത്ഥനയോടെ, സന്തപ്തകുടുംബാംഗങ്ങൾ

---

Praise the lord

## 7th Year of Remembrance

*In loving memory of our Beloved Pappa*



## C.D.FRANCIS

Chalissery House.

**BORN**
**14.04.1956**

**DIED**
**03.05.2012**

*"Come to me, All you who labour and are heavy laden, and i will give you rest." Matthew 11:28*

*Missing you every day but moving forward with sweet memories of you...*

*Love you Pappa...*

*Sorrowing Family*

*Daughter : Sowmya Francis*
*Son: Samson Francis*

*Wife : Jessie Francis*

*Son-in-law: Aiby Abraham .M*
*Daughter-in-Law: Steffy Joy*

*Grand Children: Norah Joseph & Naysa Joseph*




## Mr. A. G. Varghese & Mrs. Sheela Varghese

**Chirayath Athanikkal House, Ganapathy - CBE- 641006**
**St. George Unit**

*Heartly Wishes From Shanvy Varghese & Shincy Varghese*

**മാതൃവേദി അംഗങ്ങൾക്കായി നടത്തിയ മത്സരങ്ങളിൽ സമ്മാനാർഹരായ**
**ഹോളിഫാമിലി മിഷൻ സെന്റർ മാതൃവേദി അംഗങ്ങൾ ഡയറക്ടറച്ചനോടൊപ്പം**









# S

# M





# Y

# M














# നന്ദിയുടെ ഒരു വാക്ക്

ജറെമിയ29/11 നിങ്ങളെക്കുറിച്ചുള്ള പദ്ധതി എന്റെ മനസ്സിലുണ്ട്.

അത്തിപ്പാളയം ഹോളിഫാമിലി മിഷൻ സെന്ററിലെ വി.കുർബ്ബാനയും മതബോധനവും മറ്റ് സംഘടനാ പ്രവർത്തനങ്ങളിലും പ്രവർത്തിച്ച എല്ലാവർക്കും ഈ അവസരത്തിൽ നന്ദിയുടെ നറുമലരുകൾ

മൂന്ന് വർഷത്തോളം സ്വന്തം ഭവനം ദൈവാലയത്തിനായി വിട്ട് തന്ന ശ്രീമതി രാജി ഡേവിഡിനും കുടുംബത്തിനും ഹൃദയത്തിന്റെ ഭാഷയിൽ നന്ദിപറയുന്നു. ഈ കാലയളവിൽ സ്തുത്യർഹമാംവിധം നിസ്വാർത്ഥ സേവനം ചെയ്ത കൈക്കാരന്മാരെ ഓരോരുത്തരേയും പ്രത്യേകം പ്രാർത്ഥനയോടെ ഓർക്കുന്നു, നന്ദിപറയുന്നു. ദൈവാലയത്തിലെ എല്ലാ കാര്യങ്ങൾക്കും ചുക്കാൻ പിടിച്ചുകൊണ്ട് കാര്യക്ഷമമായി പ്രവർത്തിച്ച ശ്രീമതി ബേബി ഡേവിസിനെ ഏറ്റവും സ്നേഹത്തോടെ ഓർക്കുന്നു;നന്ദിപറയുന്നു. ഇടവക കൂട്ടായ്മയോട് ചേർന്നു നിന്ന് കൊണ്ട് വളരെ തീക്ഷ്ണതയോടെ പ്രവർത്തിച്ച യൂണിറ്റ് ഭാരവാഹികളോടും സഹപ്രവർത്തകരോടും നന്ദിപറയുന്നു. ത്യാഗത്തിന്റേയും സ്നേഹത്തിന്റേയും പാതയിൽ മിഷൻ ചൈതന്യത്തോടെ പ്രവർത്തിച്ച എല്ലാ സംഘടനകൾക്കും (പിതൃവേദി, മാതൃവേദി, എസ്.എം.വൈ.എം, സി.എം.എൽ, അൾത്താരസംഘം തിരുബാലസംഖ്യം) ഭാരവാഹികൾക്കും ഏറെ നന്ദിയുണ്ട്. ദിവ്യബലിയും മറ്റു തിരുക്കർമ്മങ്ങളും സജീവമാക്കി ആത്മീയനുഭവമാക്കാനായി ഭക്തി നിർഭരമായ ഗാനങ്ങൾ ആലപിച്ച ഗായകസംഘത്തിന് നന്ദിരേഖപ്പെടുത്തുന്നു. കുഞ്ഞുമക്കളെ വിശ്വാസത്തിൽ ആഴപ്പെടുത്താൻ വിശ്വാസപരിശീലനത്തിനായി സമയവും സൗകര്യവും മാറ്റിവച്ച് അറിവും അനുഭവവും പകർന്ന് കൊടുത്ത് സഭയെ വളർത്തിയ മതാദ്ധ്യാപകർക്ക് ഹൃദയത്തിന്റെ ഭാഷയിൽ നന്ദിരേഖപ്പെടുത്തുന്നു. ഏവരേയും സർവ്വശക്തനായ ദൈവം അനുഗ്രഹിക്കട്ടെഎന്ന് പ്രാർത്ഥിക്കുന്നു. ഈ തീക്ഷ്ണതയിൽ മാന്ദ്യം വരുത്താതെ ഇടവക ദൈവാലയത്തോട് ചേർന്നു നിൽക്കാം; പ്രവർത്തിക്കാം. നന്ദിയോടെ നന്മകൾ നേരുന്നു.



# വത്തിക്കാൻ വാർത്തകൾ

**ഇറ്റലിക്ക് മുഴുവനായി ഡിൻഡോൺ ഡാൻ ആപ്പ് (Din Don Dan App)**

ഇതുവഴി ഇറ്റലിയിൽ എവിടെ എത്തിയാലും നമ്മുടെ ഏറ്റവും അടുത്തുള്ള പള്ളികളും അവിടുത്തെ ആരാധനാ സമയങ്ങളും നമുക്ക് കണ്ടെത്താൻ കഴിയും. പരിശുദ്ധ കുർബാനയുടെ സമയങ്ങൾ മാത്രമല്ല, പള്ളികൾ അടയ്ക്കുകയും തുറക്കുകയും ചെയ്യുന്ന സമയങ്ങളും ആ പള്ളിയിലെ കുമ്പസാരത്തിനുള്ള സമയവും കണ്ടുപിടിക്കാം.

* ഫ്രാൻസിസ് പാപ്പയും റോമിലെ യഹൂദറബ്ബി റിക്കാർ ദൊ ദി സേഞ്ഞിയും പെസഹാത്തിരുനാൾ ആശംസകൾ കൈമാറി.

* **ദൈവവിളിയെക്കുറിച്ച് പാപ്പാ: സുരക്ഷിതത്വം ഉപേക്ഷിക്കണം.**

നാം ആയിരിക്കുന്ന ബോട്ടിന്റെ സുരക്ഷിതത്വം ഉപേക്ഷിച്ചുകൊണ്ട് ദൈവവിളിയാകുന്ന മഹാസാഗരത്തിലേയ്ക്കു നടത്തുന്ന എടുത്തുചാട്ടമാണ് ദൈവവിളിയോടുള്ള പ്രത്യുത്തരം. ബോട്ടിന്റെ സുരക്ഷിതത്വത്തിലിരുന്ന് വല നന്നാക്കുന്നവരാകാതെ ദൈവിക വാഗ്ദാനത്തിൽ വിശ്വസിച്ചുകൊണ്ട് നമ്മുടെയും ചുറ്റുമുള്ളവരുടേയും നന്മയ്ക്കായി ഒരുക്കിയിരിക്കുന്ന പാതയിലൂടെ സഞ്ചരിക്കാനുള്ള ക്ഷണമാണ് ഓരോ ദൈവവിളിയും.

* **ശ്രീലങ്ക സ്ഫോടന പരമ്പരയിൽ ഇരയായവർക്ക് പാപ്പയുടെ അനുശോചനം.**

ഈസ്റ്റർ ദിനത്തിൽ താൻ ദുഃഖത്തോടും വ്യസനത്തോടും കൂടിയാണ് ശ്രീലങ്കയിലെ പള്ളികളിലും മറ്റു സ്ഥലങ്ങളിലും നടന്ന ആക്രമണങ്ങളെക്കുറിച്ച് അറിഞ്ഞതെന്നും പ്രാർത്ഥനയിലൂടെ സ്നേഹപൂർവ്വം തന്റെ സമീപ്യം ക്രൂരമായ ആക്രമണത്തിന് വിധേയരായവർക്ക് അറിയിക്കുന്നു എന്ന് പാപ്പ വെളിപ്പെടുത്തി.

(00 പേജിൽ നിന്നും തുടർച്ച)

വീക്ഷണവുമാണ് നമ്മുടെ ജീവിതത്തെ അർത്ഥപൂർണ്ണവും സൗഭാഗ്യസംദായകവുമാക്കിത്തീർക്കുന്നത്. കത്തോലിക്കാസഭ മനുഷ്യന്റെ വ്യക്തിമാഹാത്മ്യത്തെ ഉയർത്തിപ്പിടിക്കുന്നു. മനുഷ്യവ്യക്തിയുടെ മഹത്വമാണ് വേലയെ ധന്യമാക്കുന്നത്. തൊഴിലാളികൾക്കു ന്യായമായ കൂലികൊടുക്കേണ്ടതാവശ്യമാണ്. തൊഴിലാളികളും മുതലാളികളും തമ്മിലുള്ള ബന്ധം ക്രിസ്തീയമായ ഉപവിയാൽ നയിക്കപ്പെടണം. തൊഴിലാളികളും മുതലാളികളും മിശിഹായുടെ ഭൗതിക ശരീര നിർമ്മിതിയിലാണ് ഏർപ്പെട്ടിരിക്കുന്നത് എന്നുള്ള വസ്തുത വിസ്മരിക്കരുത്. തിരുസഭ തൊഴിലാളികളുടെയും, മുതലാളികളുടെയും മാതാവാണ് ക്രിസ്തുവും അവിടുത്തെ വളർത്തു പിതാവും തൊഴിലാളികളായിരിക്കെ കത്തോലിക്ക സഭയ്ക്ക് തൊഴിലാളികളെ വിസ്മരിക്കുവാൻ സാധിക്കുകയില്ല. തൊഴിലാളി മദ്ധ്യസ്ഥനായ വി. യൗസേപ്പേ, ജോലിയുടെ മഹത്വം ഞങ്ങളെ പഠിപ്പിക്കണമെ.

**ഷാജു എടക്കളത്തൂർ**
പിതൃവേദി, ഗാന്ധിപുരം



# ലോഗോസ് ക്വിസ്

**വി. മത്തായി അദ്ധ്യായങ്ങൾ 21– 22**

1. സീയോൻ പുത്രിയുടെ രാജാവ് അവളുടെ അടുത്തേക്ക് എങ്ങനെവരും എന്നാണ് യേശു പറയുന്നത്?
A. വിനയാന്വിതനായി കഴുതയുടെയും കഴുതകുട്ടിയുടെയും പുറത്ത് (21.5)
2. യേശു ഗലീലിയിൽ നിന്നുള്ള പ്രവാചകനാണെന്ന് 21.11.ൽ പ്രഖ്യാപിച്ചത് ആര്?
A. ജനക്കൂട്ടം.
3. ശിശുക്കളുടെയും മുലകുടിക്കുന്നവരുടെയും അധരങ്ങളിൽ നീ സ്തുതി ഒരുക്കി എന്ന് നാം വായിക്കുന്ന പഴയനിയമ പുസ്തകം?
A. സങ്കീർത്തനം (സങ്കി. 8.2)
4. 21–ാം അദ്ധ്യായത്തിൽ മത്തായിയുടെ സുവിശേഷത്തിൽ മാത്രം കാണുന്ന ഒരു ഉപമ ഏതാണ്?
A. രണ്ടു പുത്രൻമാരുടെ ഉപമ (21.28)
5. 'ദൈവരാജ്യം' എന്ന പദം എത്ര തവണ 21–ാം അദ്ധ്യായത്തിൽ ഉപയോഗിച്ചിട്ടുണ്ട്?
A. 2 പ്രാവശ്യം (21.31),21.43)
6. മുന്തിരിത്തോട്ടത്തിലെ ദുഷ്ടരായ കൃഷിക്കാരുടെ ഉപമയെതുടർന്ന് യേശു അരുളിചെയ്ത ഉപമ ഏത്?
A. വിവാഹവിരുന്നിന്റെ ഉപമ (22.1)
7. "അവനെകൈകാലുകൾ കെട്ടി പുറത്തെ അന്ധകാരത്തിലേക്ക് വലിച്ചെറിയുക" ആര് ആരോടു പറഞ്ഞു?
A. വിവാഹവിരുന്നിന്റെ ഉപമയിലെ രാജാവ് പരിചാരകരോട് (22.13)
8. വിവാഹവിരുന്നിന്റെ ഉപമയെത്തുടർന്ന് യഹൂദർ യേശുവിന്റെ അടുക്കൽ ഉന്നയിച്ച പ്രശ്നമെന്തായിരുന്നു?
A. സീസറിനു നികുതി കൊടുക്കുന്നതു നിയമാനുസൃതമാണോ (22.17)
9. പുനരുത്ഥാനമില്ലെന്നു വാദിച്ച യഹൂദവിഭാഗമേത്?
A. സദുക്കായർ (22.23)
10. യേശു സദുക്കായരെ വാക്കുമുട്ടിച്ചെന്നു കേട്ട് അവിടുത്തെ പരീക്ഷിക്കാനെത്തിയ നിയമ പണ്ഡിതൻ ചോദിച്ച ചോദ്യമെന്ത്?
A. ഗുരോ നിയമത്തിലെ അതിപ്രധാനമായ കല്പനഏതാണ്? (22.36)

**നിയമാവർത്തനം 14 അദ്ധ്യായം**

1. ഭൂമുഖത്തുള്ള മറ്റെല്ലാ ജനതകളിൽ നിന്നും ഇസ്രായേൽ ജനത്തെ പ്രത്യേകം തിരഞ്ഞെടുത്തത് എന്തിനുവേണ്ടി?
A. തന്റെ സ്വന്തം ജനമായിരിക്കാൻ (14.2)
2. മൃഗങ്ങളിൽ എങ്ങനെയുള്ള മൃഗങ്ങളെ ഭക്ഷിക്കാം എന്നാണ് പറയുന്നത്?
A. ഇരട്ടക്കുളമ്പുള്ളതും അയവിറക്കുന്നതുമായ എല്ലാ മൃഗങ്ങളെയും ഭക്ഷിക്കാം



(14.6)

3. ഓരോ മൂന്നാം വർഷത്തിന്റെയും അവസാനം ആ കൊല്ലം നിനക്കുലഭിച്ച ഫലങ്ങളെയെല്ലാം ദശാംശം കൊണ്ടുവന്ന് എവിടെ സൂക്ഷിക്കണം?

A. നിന്റെ പട്ടണത്തിൽ. (14.28)

4. ആട്ടിൻ കുട്ടിയെ എന്തിൽ പാകം ചെയ്യരുത് എന്നാണ് പറയുന്നത്?

A. അതിന്റെ തള്ളയുടെ പാലിൽ (14.21)

5. തനിയെ ചത്ത ഒന്നിനെയും ഭക്ഷിക്കരുത് പിന്നെ എന്താണ് ചെയ്യേണ്ടത്?

A. നിങ്ങളുടെ പട്ടണത്തിൽ വരുന്ന അന്യനു ഭക്ഷിക്കാൻ കൊടുക്കുകയോ, ഏതെങ്കിലും പരദേശിക്കു വിൽക്കുകയോ ചെയ്യുക (14.21)

പ്രഭാഷകൻ 13

1. ആരുടെ ക്ഷണം സ്വീകരിക്കുന്നതിൽ വിമുഖനായിരിക്കണം?

A. പ്രബലന്മാരുടെ (13.9)

2. ദൈവഭയം ഇല്ലാത്തവന്റെ ദൃഷ്ടിയിൽ എന്താണ് തിൻമ?

A. ദാരിദ്ര്യം (13.24)

3. എന്തിൽ നിന്നാണ് സുഭാഷിതങ്ങൾ രൂപംകൊള്ളുക

A. ആഴമേറിയ ചിന്തയിൽ നിന്ന് (13.26)

4. നിന്നെകൊണ്ടു പ്രയോജനം ഉണ്ടെന്നു കണ്ടാൽ ആർ നിന്നെ ചൂഷണം ചെയ്യും?

A. ധനവാൻ. (13.4)

5. ............എങ്കിൽ സമ്പത്ത് നല്ലത് തന്നെ.

A. പാപ വിമുക്തമെങ്കിൽ (13.24)

**വെളിപാട് 18**

1. 18.1 ൽ സ്വർഗ്ഗത്തിൽ നിന്ന് ഇറങ്ങിവന്ന ദൂതന്റെ തേജസ്സുകൊണ്ട് എന്താണ് സംഭവിച്ചത്?

A. ഭൂമി പ്രകാശിച്ചു.

2. 18.4 ൽ സ്വർഗത്തിൽ നിന്നും കേട്ട സ്വരം എന്താണ് പറയുന്നത്?

A. എന്റെ ജനമേ അവളിൽ നിന്ന് ഓടിയകലുവിൻ, അല്ലെങ്കിൽ അവളുടെ പാപങ്ങളിൽ നിങ്ങൾ പങ്കാളികളാകും, അവളുടെ മേൽ പതിച്ച മഹാമാരികൾ നിങ്ങളെയും പിടികൂടും (18.4)

3. അവളുടെ പാപങ്ങൾ ആകാശത്തോളം കൂമ്പാരം കൂടിയിരിക്കുന്നു? ആരുടെ

A. മഹാബാബിലോണിന്റെ

4. വലിയതിരികല്ലുപോലുള്ള ഒരു കല്ലെടുത്തു കടലിലേക്ക് എറിഞ്ഞ് ദൂതൻ എന്താണ് പറഞ്ഞത്?

A. ബാബിലോൺ മഹാനഗരവും ഇതുപോലെ വലിച്ചെറിയപ്പെടും (18.21)

5. 18 – ാം അദ്ധ്യായത്തിൽ എത്ര വാക്യങ്ങൾ കാണപ്പെടുന്നു?

A. 24 വാക്യങ്ങൾ



# വി. ഗീവർഗ്ഗീസ് – രക്തസാക്ഷി

വി. ഗീവർഗ്ഗീസിന്റെ ചരിത്രം ഐതിഹ്യ സമ്പൂർണ്ണ മാകയാൽ ചരിത്രവും ഐതിഹ്യവും വേർതിരിക്കാൻ പ്രയാസമുണ്ട്. ഏഷ്യാമൈനറിൽ കപ്പദോകിയയിൽ വി. ഗീവർഗ്ഗീസ് ജനിച്ചുവെന്ന് കരുതുന്നു. ക്രിസ്തുവിന് സാക്ഷ്യം വഹിക്കാൻ റോമൻ മതപീഡനങ്ങളുടെ ഇടയ്ക്ക് വി ഗീവർഗ്ഗീസ് വധിക്കപ്പെട്ടുവെന്നുള്ളത് ഇത് അനിഷേധ്യമായ ഒരു വസ്തുതയാണ്. മഹാരക്തസാക്ഷി എന്നാണ് ഗ്രീക്കുകാർ അദ്ദേഹത്തെ സംബോധനചെയ്തിരുന്നത്. പല പൗരസ്ത്യ രാജ്യങ്ങളുടെയും മദ്ധ്യസ്ഥൻ വി. ഗീവർഗ്ഗീസാണ് കോൺസ്റ്റയിൻ ചക്രവർത്തി തന്നെ കോൺസ്റ്റാന്റിനോപ്പിളിൽ വി. ഗീവർഗ്ഗീസിന്റെ നാമത്തിൽ നാലു പള്ളികൾ സ്ഥാപിച്ചിട്ടുണ്ട്. ട്യൂഴ്സിലെ വി. ഗ്രിഗറി ഹാൻസിൽ വി. ഗീവർഗ്ഗീസിനോട് ആറാം ശതാബ്ദം മുതൽ ഭക്തിയുണ്ടായിരുന്നുവെന്ന് പ്രസ്താവിക്കുന്നുണ്ട്. മഹാനായ ഗ്രിഗേറിയോസു പാപ്പാ, നശിച്ചു തുടങ്ങിയ വി. ഗീവർഗ്ഗീസിന്റെ ഒരു ദൈവാലയം, കേടുപോക്കാൻ ആജ്ഞാപിച്ചു കാണുന്നുണ്ട്. ഫ്രാൻസിൽ പ്രഥമ ക്രിസ്ത്യൻ രാജാവായ ക്ലോവിസ്സിന്റെ ഭാര്യ കൊട്ടിൽഡ, വി. ഗീവർഗ്ഗീസിന്റെ നാമത്തിൽ ബലിപീഠങ്ങൾ സ്ഥാപിക്കുകയുണ്ടായി. ഓക്സുഫോർഡിൽ 1223 ൽ കൂടിയ ദേശീയ കൗൺസിൽ വിശുദ്ധന്റെ തിരുനാൾ ഒഴിവുദിനമായി ആചരിക്കാൻ ആജ്ഞാപിച്ചിരിക്കുന്നു. വി. ഗീവർഗ്ഗീസിന്റെ മാടമ്പികൾ എന്ന ഒരു സ്ഥാനം 1330-ൽ എഡ് വേർഡ് തൃദീയൻ സ്ഥാപിച്ചിട്ടുണ്ട്. ലോകമാസകലം അഖില ക്രൈസ്തവർക്കും വിശുദ്ധനോടുള്ള ഭക്തിയും വിശുദ്ധന്റെ പല തീർത്ഥസ്ഥലങ്ങളും വി. ഗീവർഗ്ഗീസിന്റെ മഹത്വമേറിയ രക്തസാക്ഷിത്വത്തിനും മാദ്ധ്യസ്ഥശക്തിക്കും തെളിവാണ്.

മെറ്റഫ്രാസ്റ്റെസ് എന്ന ഗ്രന്ഥകാരന്റെ വിവരണമനുസരിച്ച് വി. ഗീവർഗ്ഗീസിന്റെ മാതാപിതാക്കന്മാർ കുലീനരാണ്. പിതാവിന്റെ മരണശേഷം വി.ഗീവർഗ്ഗീസ് അമ്മയോടുകൂടെ പാലസ്തീനയിലേക്കുപോയി. ദൃഢഗാത്രനായ വി.ഗീവർഗ്ഗീസ് ഒരുന്നത സൈനീകോദ്യോഗസ്ഥനായി ഡയോക്ലിഷ്യൻ ചക്രവർത്തിയുടെ കീഴിൽ ജോലി ചെയ്തു. ചക്രവർത്തി മതപീഡനം ആരംഭിച്ചപ്പോൾ വി. ഗീവർഗ്ഗീസ് എതിർത്തു. തൽക്ഷണം അദ്ദേഹം ജയിലിൽ അടയ്ക്കപ്പെട്ടു. ക്രിസ്തുമതം ഉപേക്ഷിച്ചാൽ പല സമ്മാനങ്ങളും നൽകാമെന്ന് അധികാരികളുടെ വാഗ്ദാനമുണ്ടായി. അവയെല്ലാം വി. ഗീവർഗ്ഗീസ് നിരസിച്ചു. പിറ്റേദിവസം വി.ഗീവർഗ്ഗീസിന്റെ ശിരസ്സ് ഛേദിക്കപ്പെട്ടു.

നിക്കൊദേമ്യായായിലെ ക്രിസ്തുമത പീഡനവിളംബരം പറിച്ചുകളഞ്ഞ യുവാവു, വി. വി.ഗീവർഗ്ഗീസാണെന്ന് ലക്ടാൻസിയൂസ് സാക്ഷ്യപ്പെടുത്തുന്നുണ്ട്. കുരിശുയുദ്ധത്തിനിറങ്ങിയ റിച്ചേർഡ് രാജാവിന് വി. ഗീവർഗ്ഗീസ് പ്രത്യക്ഷപ്പെട്ട് പ്രോത്സാഹനം നൽകി. പിറ്റേദിവസം മുഹമ്മദീയർക്കെതിരായ സമരത്തിൽ അദ്ദേഹം ജയിച്ചു. വി. ഗീവർഗ്ഗീസിന്റെ പ്രതിമയിൽ അദ്ദേഹത്തെ നാം കുതിരപ്പുറത്താണ് കാണുക. വി. ഗീവർഗ്ഗീസ് തന്റെ വിശ്വാസവും ധീരതയും വഴി പിശാചിനെപരാജയപ്പെടുത്തുന്നതിന്റെ പ്രതീകമാണ് കുതിരയുടെ പാദങ്ങളുടെ കീഴിൽ കുന്തത്തിന്റെ കുത്തേറ്റു മലക്കുന്ന കാളസർപ്പം. സർപ്പത്തെ കൊണ്ട് രാജകുമാരി ലിബിയായെ വി. ഗീവർഗ്ഗീസ് രക്ഷിച്ചുവെന്നുള്ളത് 12-ാം നൂറ്റാണ്ടിലുണ്ടായ ഒരു ഇറ്റാലിയൻ ഐതിഹ്യമാണ്.

Mrs. Bency Paul Holy Family Mission center
(Reference - അനുദിനവിശുദ്ധർ)

Unscramble the letters to find the words in our

# Jonah Anagram



**echinv** ______________________

**hips** ______________________

**morst** ______________________

**adellosww** ______________________

**hnortw** ______________________

**aehlw** ______________________

**ipst** ______________________

**aeprry** ______________________

**eenprt** ______________________

**efginorv** ______________________

Only catechism students are eligible to participate in the contest.

Fill in the answers and submit it before 15th of the month, in the box kept in the church.

Ten correct entries will be selected by lot and published in the next issue.)

Name: ____________________ Class: _____

**Winner of April month contest**

| | | |
|---|---|---|
| Gandhipuram | - Abraham | VI standard |
| Athipalayam | - Jenisha Merin V.A. | V Standard |



# Marian Knowledge

1. When and by whom was the title Queen of heaven added to the litany?

   Pope Pius XII in 1951

2. When is the feast of the visitation of the Blessed Virgin Mary celebrated?

   May 31

3. From when was Mother Mary titled as queen?

   Beginning of 5th century

4. Name the pope who consecrated the whole world to the immaculate heart of Mary?

   Pope Pius XII (1939-1958)

5. When is the feast is of our lady of Fatima celebrated?

   May 13th

6. Name the pope, who holding the rosary in his hand said "See, this is the most valuable treasure of the Vatican".

   Pope Pius XI (1922 – 1939)

7. Name the pope who said, "To be Christian is to be Marian."

   Pope Paul VI

8. In which encyclical did Pope Paul VI identified the month of May as an opportune time to incorporate special prayers for peace into traditional May devotions?

   1965, Mense Maio,

9. Which is the traditional prayer used to commemorate the Annunciation of the angel Gabriel to Mary?

   Angelus

10. "There is no more direct road than by Mary for uniting all mankind in Christ." Whose words are they?

    Pope Saint Pius X in Ad diem illum



# Catechism News

## Common News

- The catechetical year for 2019-2020 will commence from June. Catechism class timing will be from 8.00 am to 10.15 am, followed by the Holy Qurbana at 10.30 am.
- Wishes and blessing to catechism students who actively participated in the Maundy Thursday Eucharistic adoration in offering the flowers and light. Thanks to all the teachers who helped in preparing the students. A special thanks to all the altar boys who had setup stall on Maundy Thursday.
- Wishes and prayers to all students who are to receive their first holy communion in this month of May. May the love of Jesus fill your life as you live under the shadow of his guiding light.
- Mr. Romiyo Alosious has secured 1st rank in diocese level scholastic examination for teachers. Hearty congratulation and wishes.
- Mrs. Deepa Anand has been selected as CML international cordination team member.Congratulations and best wishes.
- The following students have secured rank in the scholarship examination

| | | |
|---|---|---|
| Tinu Antony | 5th standard | II rank |
| Helena Antony | 5th standard | III Rank |
| Tania Antony | 7th Standard | III rank |

Hearty Congratulations and wishes to all the rank holders.



# MAY 2019

| Sunday | Monday | Tuesday | Wednesday | Thursday | Friday | Saturday |
|---|---|---|---|---|---|---|
| | | | **1**<br>Col 3:14-17<br>Mt 13:53-58 | **2**<br>2Cor 4:5-14<br>Mt 10:23-28 | **3**<br>1Cor 9:16-23<br>Jn 14:1-6 | **4**<br>Col 3:14-17<br>Lk 24:36-43 |
| **5**<br>Is 56:1-7<br>Acts 5:34-42<br>Eph 1:3-14<br>Jn 14:1-14 | **6**<br>1Jn 2:14-17<br>Mk 10:13-16 | **7**<br>1Thes 5:12-22<br>Mk 4:13-20 | **8**<br>Phil 1:21-26<br>Mt 8:1-4 | **9**<br>2Cor 8:1-11<br>Mk 4:35-41 | **10**<br>Rom 15:1-6<br>Lk 6:6-11 | **11**<br>Jas 2:14-17<br>Lk 6:46-49 |
| **12**<br>Is 49:13-28<br>Acts 8:14-25<br>Eph 2:1-7<br>Jn 16:16-24 | **13**<br>1Tim 6:13-16<br>Lk 20:9-16 | **14**<br>1Tim 6:17-21<br>Mt 19:23-30 | **15**<br>Heb 7:1-10<br>Jn 5:30-38 | **16**<br>2Pet 2:1-3<br>Mt15:1-9 | **17**<br>Eph 5:13-21<br>Mk 6:35-44 | **18**<br>1Cor 2:1-10<br>Mt 5:13-19 |
| **19**<br>Is 49:7-13<br>Acts 9:1-9<br>Eph 10:19-25<br>Jn 21:1-14 | **20**<br>1 Pet 4:12-19<br>Lk 11:29-32 | **21**<br>Jas 1:22-27<br>Mt 21:18-22 | **22**<br>Col 3:5-11<br>Jn 3:1-8 | **23**<br>Heb 3:7-13<br>Jn 5:24-29 | **24**<br>1 Cor 2:1-5<br>Mt 15:10-20 | **25**<br>Heb 7:11-17<br>Jn 15:26-16:4 |
| **26**<br>Is 52:7-12<br>Acts 10:9-16<br>Eph 2:11-22<br>Jn 17:20-26 | **27**<br>1Pet 2:1-5<br>Mt 23:23-28 | **28**<br>2Pet 3:10-13<br>Mk 19:32-37 | **29**<br>Eph 5:1-5<br>Jn 15:11-17 | **30**<br>2Kgs 2:1-12<br>Acts 1:6-11<br>1Tim 2:1-7<br>Lk 24:44-53 | **31**<br>Rom 12:9-16<br>Lk 1:39-45 | |

MANNA

Catering

SERVICE

VEG & NON VEG

* PHOTOGRAPHY
* VIDEOGRAPHY
* LIGHTING
* STAGE BACKDROP
* SOUND SYSTEM



JOSE V.T



93632 49570

KUNIAMUTHUR,
COIMBATORE - 641 008



A.G. VARGHESE

Phone : 0422-5514235
Mobile : 98422 18161

ATHANIKKAL ENGINEERING

Manufactures of : M.V. Panel Boards, Changeovar Panel Boards
Sub Switch Boards, Motor Control Centres, Bus Ducts,
Generator Centrol Panel Boards, All Taxtile Control Panel Boards,
AMF Control Panels

No. 13, Industrial Estate (Near Gem), Ganapathy, Coimbatore - 641 006.

# Divine
## Digital Diagnostics

(Centre for Accurate Clinical & Medical Investigations)

ISO 9001: 2008 Certified & AERB Govt. of India Approved Unit

டிவைன் இரத்தப் பரிசோதனை நிலையம்

☎ 0422-2523645
94439 13645
94893 63377





DIGITAL X-RAY, LAB & ECG

WORKING HOURS: 7-AM TO 9-PM
SUNDAY 7-AM TO 1-PM

**MASTER HEALTH CHECKUP 50% OFF**

* HAEMATOLOGY * SEROLOGY * BIO CHEMISTRY * HORMONES * CLINICAL PATHOLOGY
*IMMUNOLOGY * ECG * MICROBIOLOGY * DIGITAL X-RAY (500MA) *MASTER HEALTH CHECKUP

Head office : 343, 3rd Street Exten., Gandhipuram Coimbatore-641012
Branch Office : 84, Amara Jeevanantham Road, Rathinapuri Coimbatore-641027
divinediagnoscbe@gmail.com

P.J. VARGHESE (JOBI)

✆ : 0422-2494007
98432 96007

JA

# JOSE AUTOMOBILES

MULTIBRAND FOUR WHEELER SERVICE

MECHANICAL, TINKERING, PAINTING, ELECTRICAL, UPHOLSTRY, ACCESSORIES
A/C, WATER SERVICE, INTERIOR CLEANING, INTERIOR ENRICHMENT

# JB CABS

*Tours & Travel Operator*

*A/c Cars & Vans Available for Rent*
*Innova, Etios, Swift, Tempo Traveller, Swaraj Mazda*

205-A, 11th STREET, GANDHIPURAM, COIMBATORE - 12